## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6142** — **07.11.2016 ൽ മറുപടിയ്ക്ക്**

### കൃഷി വകുപ്പിന്റെ കീഴിലുള്ള ലബോറട്ടറികളുടെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്. ശർമ്മ<br>പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.ഇ.കെ.രാജഗോപാലൻ<br>ശ്രീ. ആർ.രാജേഷ് | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |

(എ) കാർഷിക ഉല്പാദനത്തെയും ഉല്പാദനക്ഷമതയെയും വളരെയധികം ബാധിക്കുന്ന പ്രധാന ഘടകങ്ങളായ മണ്ണ് പരിശോധനയും വള പരിശോധനയും ശാസ്ത്രീയമായ രീതിയിൽ നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് [redacted]

(എ) മണ്ണ് പരിശോധന ശാസ്ത്രീയമായ രീതിയിൽ നടത്തുന്നതിന് സംസ്ഥാനത്ത് 14 ജില്ലാ മണ്ണ് പരിശോധന ലാബുകളും 9 സഞ്ചരിക്കുന്ന മണ്ണ് പരിശോധന ലാബുകളും കൃഷി വകുപ്പിന്റെ കീഴിൽ നിലവിൽ പ്രവർത്തിച്ചു വരുന്നു.

സംസ്ഥാനത്ത് വില്പന നടത്തുന്ന വളത്തിന്റെ ഗുണ നിലവാരം ഉറപ്പാക്കുന്നതിന് വളം ഉല്പാദനം, വിതരണം വില്പന എന്നിവയ്ക്കായി ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം ലൈസൻസിംഗ് സംവിധാനം ഏർപ്പെടുത്തിയുണ്ട്.

സംസ്ഥാനത്ത് ഉല്പാദനം/വിതരണം/വില്പന നടത്തുന്ന രാസ വളങ്ങളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനായി കൃഷിവകുപ്പിന്റെ കീഴിൽ രണ്ട് രാസവള ഗുണനിലവാര പരിശോധനാശാലകൾ തിരുവനന്തപുരം ജില്ലയിലെ പാറോട്ടുകോണത്തും, പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും ആയി പ്രവർത്തിച്ചു വരുന്നു.

(ബി) മണ്ണ്, വളം, കീടനാശിനി, വിത്ത് എന്നിവയുടെ സാമ്പിളുകൾ പരിശോധിക്കുന്ന കൃഷി വകുപ്പിന്റെ കീഴിലുള്ള ലബോറട്ടറികൾ വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ചതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണ്ണ് പരിശോധനാലാബുകൾ വർഷങ്ങൾക്ക് മുൻപ് സ്ഥാപിച്ചവയാണെങ്കിലും " Modernization of Departmental Laboratories" എന്ന പദ്ധതിയുടെ ഭാഗമായി ആധുനിക ഉപകരണങ്ങൾ എല്ലാ മണ്ണ് പരിശോധനാ ലാബുകളിലും രാസവളപരിശോദന ലാബുകളിലും, കീടനാശിനി പരിശോധന ലാബുകളിലും, വിത്ത് പരിശോധനാ ലാബുകളിലും ലഭ്യമാക്കിയിട്ടുണ്ട്. സൂക്ഷ്മമൂലകങ്ങളടക്കം പരിശോധിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഇപ്പോൾ ലാബുകളിൽ നിലവിലുണ്ട്.

ഡിപ്പാർട്ടുമെന്റ് ലാബുകളുടെ നവീകരണത്തിനുള്ള പദ്ധതി പ്രകാരം ഒരോ വർഷവും പുതിയ

ഉപകരണങ്ങൾ വാങ്ങുകയും നവീകരണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനവും നടത്തി വരുകയും ചെയ്യുന്നു.

(സി) പ്രസ്തുത ലാബുകളിൽ ലഭ്യമായ മിക്ക സാമഗ്രികളും വളരെ പഴയതും കാലപ്പഴക്കം മൂലം ഗുണമേന്മ കുറഞ്ഞതുമായതിനാൽ കൃത്യമായ പരിശോധനാ ഫലങ്ങൾ വേഗത്തിൽ നൽകാൻ പര്യാപ്തമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ല. കാലപ്പഴക്കം മൂലം ഗുണമേന്മ കുറഞ്ഞ ഉപകരണങ്ങൾ മാറ്റി ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള '' ലബോറട്ടറികളുടെ നവീകരണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ പരിശോധന ഫലങ്ങൾ കൃത്യമായി തന്നെ താമസമില്ലാതെ നൽകി വരുന്നു.

ഡി) എങ്കിൽ ഇത്തരം ലബോറട്ടറികളെ കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

(ഡി) മണ്ണ് പരിശോധന ലബോറട്ടറികളെ കാര്യക്ഷമമാക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും ആയി കേന്ദ്ര സംസ്ഥാന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേന്ദ്രസർക്കാരിന്റെ National Mission on Sustainable Agriculture ലെ Soil Health Management എന്ന പദ്ധതിയുടെ ഭാഗമായി മണ്ണ് പരിശോധനാ ലാബുകളുടെ ശാക്തീകരണത്തിന് തുക വകയിരുത്തിയിട്ടുണ്ട്.

മണ്ണ് വളം, കീടനാശിനി, വിത്ത് എന്നിവയുടെ ഗുണനിലവാരം, പരിശോധിക്കുന്നതിന് കൃഷി വകുപ്പിന് കീഴിലുള്ള കീഴിലുള്ള എല്ലാ പരിശോധനാ ശാലകളുടേയും നവീകരണത്തിനും നടത്തിപ്പിനും അടിസ്ഥാന സൗകര്യ വകസനത്തിനും നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനും ' മോഡണൈസേഷൻ ഓഫ് ഡിപ്പാർട്ട്മെന്റൽ ലബോറട്ടറീസ് ' എന്ന പേരിൽ തുടർ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന് ആവശ്യമായ തുക ഓരോ വർഷവും വകയിരുത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ